**പതിമൂന്നാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട നിയമസഭാ</u>
<u>ചോദ്യം നമ്പർ. 328</u>

<u>24.06.2013-ൽ മറുപടിക്ക്</u>

## <u>കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി.കെ ബഷീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ)യും (ബി) യും |
| ബി) ഇതിനായുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | സംസ്ഥാനത്ത് സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഒരു സ്ഥാപനം നിലവിലില്ല. എന്നാൽ സിവിൽ സർവ്വീസ് പരീക്ഷകൾക്ക് തയ്യാറെടുപ്പുകൾ നടത്തുവാനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും കേരളത്തിൽ നിന്ന് കൂടുതൽ പേർക്ക് ദേശീയതലത്തിൽ അംഗീകാരം കരസ്ഥമാക്കുവാനും വേണ്ടി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി എന്ന ഒരു പരിശീലന കേന്ദ്രം നിലവിലുണ്ട്.<br><br>സിവിൽ സർവ്വീസ് പ്രിലിമിനറി, മെയിൻ എന്നീ രണ്ടു വിഭാഗങ്ങളിലായി നടത്തുന്ന പരീക്ഷയ്ക്കും, ഇന്റർവ്യൂവിനുമുള്ള പരിശീലനം അക്കാഡമി നൽകി വരുന്നു. 6 മാസം ദൈർഘ്യമുള്ള പ്രിലിമിനറി പരിശീലന പദ്ധതിയിൽ റഗുലർ ബാച്ച് കൂടാതെ, മൽസരാർത്ഥികളുടെ സൗകര്യാർത്ഥം ശനി, ഞായർ ദിവസങ്ങളിൽ മാത്രം ക്ലാസ്സുള്ള ഒരു വീക്കെൻഡ് ബാച്ചും നടന്നുവരുന്നു. ഇന്റർവ്യൂവിന് പ്രാധാന്യം നൽകിയുള്ള ഒരു തീവ്ര പരിശീലന പദ്ധതി സിവിൽ സർവ്വീസ് അക്കാഡമി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയനുസരിച്ച് മെയിൻ പരീക്ഷ വിജയിക്കുന്ന കേരളീയ |

വിദ്യാർത്ഥികളെ ഇന്റർവ്യൂവിന് പ്രാപ്തരാക്കാനുള്ള തീവ്രപരിശീലനം അക്കാഡമിയിൽ സൗജന്യമായി നൽകി വരുന്നു.

അക്കാഡമിയുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ ഉത്തരമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, അക്കാഡമിയുടെ ഒരു പ്രാദേശിക കേന്ദ്രം കോഴിക്കോട് ജില്ലയിലും ഉപകേന്ദ്രം പാലക്കാട് ജില്ലയിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്ന സ്ഥാപനത്തിലെ സിവിൽ സർവ്വീസ് പരിശീലന ക്ലാസ്സുകളിൽ 50 ശതമാനം സീറ്റുകൾ ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്നും ജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാകാൻ സാധിക്കുന്ന രീതിയിലുള്ള പരിശീലന പരിപാടികൾ ഇവർക്കായി ആസൂത്രണം ചെയ്യുമോ ? | (സി) സംസ്ഥാന സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനം നിലവിലുണ്ട്. എന്നാൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് മാത്രമായി പരിശീലനം നൽകുന്ന ഒരു സ്ഥാപനം ഇപ്പോൾ കേരളത്തിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ